ഏപ്രിൽ – 2022

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

നമ്മുടെ സഭയിൽ പട്ടംകൊട ശുശ്രൂഷകൾ നടന്നു വരികയാണല്ലോ. ശെമ്മാശ് സ്ഥാനത്തേക്ക് പ്രവേശിച്ചിട്ടുള്ളവരെ മെത്രാപ്പോലീത്താ നിയോഗിച്ചിരിക്കുന്ന മല്പാന്മാരുടെ നേതൃത്വത്തിൽ പരിശീലിപ്പിക്കുകയും, പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് കശ്ശീശ്ശാ സ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്യുന്നു. ശുശ്രൂഷാ സ്ഥാനത്തിന്റെ ക്രമത്തിലേക്ക് ദൈവം തന്റെ കൃപയാൽ തെരഞ്ഞെടുത്തിരിക്കുന്ന ഓരോരുത്തരെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണം. ദൈവം വിളിച്ചടുപ്പിച്ചിരിക്കുന്ന വിശുദ്ധ വിളിക്ക് യോഗ്യമാകും വിധം കുറ്റം കൂടാതെ നടക്കുവാനും, നല്ലകാര്യങ്ങളെ തെരഞ്ഞെടുക്കുവാനും, ദൈവനാമത്തിന് ചേരുന്ന പ്രകാരം ആത്മാവിന്റെയും ശരീരത്തിന്റെയും വിശുദ്ധിയിലും തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷകൾ നിർവ്വഹിക്കുവാനും ദൈവം നമ്മുടെ വൈദികരെ എല്ലാവരെയും ശക്തീകരിക്കട്ടെ.

നമ്മുടെ സഭയുടെ ക്രമീകൃതമായ നടത്തിപ്പിന് വ്യവസ്ഥാപിതമായ നടപടിക്രമങ്ങളും കെട്ടുറപ്പുള്ള ഭരണഘടനയും നിലവിലുണ്ട്. ദൈവശാസ്ത്രപരമായ കാര്യങ്ങളും ആരാധനാ സംബന്ധമായ വിഷയങ്ങളും നിജപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ ഭേദപ്പെടുത്തുന്നതിനും സഹായകരമായി തിയളോജിക്കൽ കമ്മീഷനും ലിറ്റർജിക്കൽ കമ്മീഷനും പ്രവർത്തിക്കുന്നു. ഈ സമിതികൾ സജീവമായി പ്രവർത്തിച്ച് സഭയുടെ ദൈവശാസ്ത്ര ദർശനങ്ങളും, ആരാധനാ ക്രമങ്ങളും, രീതികളും കാലികമാക്കി സംരക്ഷിക്കുന്നു. എന്നാൽ ഈ സമിതികളുടെയും എപ്പിസ്ക്കോപ്പൽ സിനഡിന്റെയും ആലോചനയും മെത്രാപ്പോലീത്തായുടെ അംഗീകാരവും കൂടാതെ സഭാ സംബന്ധമായ ഇത്തരം വിഷയങ്ങളിൽ ആലോചന നല്കുകയോ, നിലവിലുള്ളവ ഭേദപ്പെടുത്തി വ്യക്തികളെയോ കൂട്ടങ്ങളെയോ പഠിപ്പിക്കുയോ ചെയ്യുന്നത് നല്ല പ്രവണതയല്ല. സഭയുടെ കെട്ടുറപ്പിനെ ബാധിക്കുന്ന ഇത്തരം പ്രവൃത്തികളിൽ നിന്നും ഏവരും, പ്രത്യേകാൽ പട്ടക്കാരും, ഒഴിഞ്ഞിരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ സഭയുടെ ആരാധനാക്രമങ്ങളുടെ പ്രസിദ്ധീകരണ ചുമതല മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ മാർത്തോമ്മാ പ്രസിദ്ധീകരണ സമിതിയിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ക്രമങ്ങളുടെ ഘടനകൾ ഭേദപ്പെടുത്തുന്നതിനോ, ആശയാനുഭവങ്ങൾ പരിഷ്ക്കരിക്കുന്നതിനോ, പ്രസിദ്ധീകരിക്കുന്നതിനോ ആർക്കും അനുവാദമില്ല. ആയതിനാൽ ഇടവകകളോ, സ്ഥാപനങ്ങളോ, കൂട്ടായ്മകളോ ആരാധനാ ക്രമങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഉദ്യമിക്കരുത് എന്നും അറിയിക്കുന്നു. എന്തെങ്കിലും ഇതിനോടകം ഉണ്ടായിട്ടുണ്ടെങ്കിൽ മെത്രാപ്പോലീത്തായുടെ അനുവാദമോ എപ്പിസ്ക്കോപ്പൽ സിനഡിന്റെ അംഗീകാരമോ ഇല്ലാത്തതൊന്നും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളല്ലാ എന്നതും ഏവരെയും അറിയിക്കുന്നു.

മൂന്നു നാലുദിവസം മാത്രം നീണ്ടു നിന്നേക്കും എന്ന് കരുതിയിരുന്ന റഷ്യയുടെ യുക്രെയിനിലെ യുദ്ധം ആഴ്ചകൾ പിന്നിടുന്ന ദാരുണ കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്. യുക്രെയിനിലെ ജനതയുടെ ആത്മാഭിമാനം ഉയർത്തി ചെറുത്തുനിൽപ്പിന്റെ മൂർച്ച കൂട്ടുമ്പോൾ ആവനാഴിയിലെ മാരകായുധങ്ങൾ റഷ്യ പുറത്തെടുക്കുമോ എന്ന് ലോകം ഭയക്കുന്നു. റഷ്യൻ സൈനീകരായാലും യുക്രെയിൻ സൈനീകരായാലും മരിച്ചുവീഴുന്നതു മനുഷ്യരാണ്. കുഞ്ഞുങ്ങളും സ്ത്രീകളും ഉൾപ്പെടുന്ന സാധാരണ ജനങ്ങൾ കൊലചെയ്യപ്പെടുന്നു. അധ്വാനിച്ചുണ്ടാക്കിയതെല്ലാം നഷ്ടപ്പെടുത്തി ജീവനുവേണ്ടി പരക്കം പായുന്ന ജനലക്ഷങ്ങൾ ഇതിനോടകം അതിർത്തി രാജ്യങ്ങളിലേക്ക് പലായനം ചെയ്തുകഴിഞ്ഞു. അവരുടെ ബലഹീനാനുഭവങ്ങളെ ചൂഷണംചെയ്യുന്ന അതിർത്തി രാജ്യങ്ങളിലെ ഗുണ്ടാ റാക്കറ്റുകൾ. മനുഷ്യക്കടത്തും സ്ത്രീത്വത്തിനുനേരെയുള്ള ആക്രമണങ്ങളും ഏറെയാണെന്ന് ചില സന്നദ്ധസംഘടനകൾ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

സാമ്പത്തിക ഉപരോധം റഷ്യയിലെ ജങ്ങളെയും വീർപ്പുമുട്ടിക്കുന്നു. യുദ്ധം മതിയാക്കൂ എന്നലറിവിളിക്കുന്ന മനുഷ്യർ റഷ്യയിലും ഉണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അധികാരത്തിന്റെ ഗർവ്വ് അടിച്ചേൽപ്പിക്കുന്ന അനുഭവങ്ങളാണ് യുദ്ധങ്ങൾ. മനുഷ്യനന്മയ്ക്കുപകരിക്കേണ്ട അറിവുകളും, സമ്പത്തും,

മനുഷ്യവിഭവശേഷിയും അതിർത്തികളുടെ സാങ്കല്പിക രേഖകൾ സംരക്ഷിക്കുവാനെന്ന പേരിൽ ആയുധങ്ങളിൽ നിക്ഷേപിക്കുമ്പോൾ ആയുധക്കൂമ്പാരങ്ങൾ വളരുകയും മനുഷ്യനും പ്രകൃതിയും തളരുകയും ചെയ്യും. യുദ്ധങ്ങൾ സർവ്വ നാശത്തിലാണ് അവസാനിക്കുന്നത്. അവ ഒന്നിനും പരിഹാരമല്ല. പ്രത്യുത, ചർച്ചകളിലും സംവാദങ്ങളിലും അടിയുറച്ച് ജീവനെ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ രാഷ്ട്രതന്ത്രജ്ഞതയാണ് ഏറെ ആവശ്യം. സമാധാനത്തിനായി നടക്കുന്ന എല്ലാ സംരംഭങ്ങളും വിജയകരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. വാളുകളെ കൊഴുക്കളാക്കുന്നവരെയും കുന്തങ്ങളെ വാക്കത്തികളായി അടിച്ചുതീർക്കുന്നവരെയും ഇനിമേൽ യുദ്ധം അഭ്യസിക്കാത്തവരെയും സ്വപ്നം കാണുന്ന യെശയ്യാ പ്രവാചകൻ (യെശയ്യാ 2:4) തന്റെ സ്വപ്ന പൂർത്തീകരണത്തിനായി യഹോവയുടെ വെളിച്ചത്തിൽ ജനം നടക്കേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നു. ദൈവബോധമുള്ള, മനുഷ്യ സ്നേഹമുള്ള, പ്രകൃതിയെ കരുതുന്ന, ജീവനെ പരിപോഷിപ്പിക്കുന്ന സമൂഹങ്ങളായി നമുക്ക് വളരാം. യുക്രെയ്നിൽ ഉണ്ടായിരുന്ന ആയിരക്കണക്കിനു വിദ്യാർത്ഥികളെ സുരക്ഷിതരായി നാട്ടിൽ തിരികെയെത്തിച്ച കേന്ദ്ര സർക്കാരിനെ അഭിനന്ദിക്കുന്നു. ഈ വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ക്രമീകരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും വലിയ അനിഷ്ടസംഭവങ്ങളൊന്നും കൂടാതെ കടന്നുപോയി എന്നത് ആശ്വാസകരമാണ്. വിജയിച്ച എല്ലാ സ്ഥാനാർത്ഥികളെയും അനുമോദിക്കുന്നു. ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്നഭിമാനിക്കുന്ന ഇന്ത്യയിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ ജനങ്ങളെ വിഭജിച്ചു വോട്ടുബാങ്കുകൾ സൃഷ്ടിക്കുന്ന പ്രവണത ഏറിവരുന്നു എന്നത് ഒരു ദുഃഖസത്യമത്രേ. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളുടെയും, ജാതിന്യൂനപക്ഷങ്ങളുടെയും താൽപ്പര്യങ്ങൾ ഹനിക്കുന്നു എന്നതിനപ്പുറമായി ജനങ്ങളെ വേർതിരിക്കുവാനുള്ള ഏറ്റം നല്ല ആയുധമായി ന്യൂനപക്ഷങ്ങൾ ഉപയോഗിക്കപ്പെടുന്നു. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ന്യൂനപക്ഷ സമൂഹങ്ങളെ അപ്രസക്തരായി കരുതി അവരുടെ ശബ്ദം ഇല്ലായ്മചെയ്യുവാനുള്ള പരിശ്രമങ്ങൾ അപലപനീയമത്രെ. എല്ലാ പൗരന്മാരെയും അവരുടെ ജാതി, മത വേർതിരിവുകൾക്കപ്പുറമായി കരുതുവാനുള്ള ബാധ്യത ഗവണ്മെന്റുകൾ ഏറ്റെടുക്കുമ്പോൾ മാത്രമേ ജനാധിപത്യം അതിന്റെ അർത്ഥതലങ്ങളിൽ പ്രാവർത്തീകമാകൂ. അടിസ്ഥാന ജനവിഭാഗങ്ങളും ന്യൂനപക്ഷങ്ങളും അരക്ഷിതാവസ്ഥയിലും അനിശ്ചിതത്വത്തിലും ജീവിക്കുന്നത് ഒരു രാജ്യത്തിനും ഭൂഷണമല്ല. നമ്മുടെ പൊതു പ്രവർത്തനങ്ങളെല്ലാം ജനനന്മയ്ക്ക് ഉതകുന്നതായിരിക്കണം. പുതുതായി രൂപീകരിക്കുന്ന മന്ത്രിസഭകൾ മതേതരത്വത്തിന്റെയും സാമൂഹ്യ നീതിയുടെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും ജനക്ഷേമത്തിനായും പ്രവർത്തിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം, പ്രാർത്ഥിക്കാം.

കേരളത്തിൽ കെ റയിൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവാദങ്ങൾ നമ്മുടെ സംസ്ഥാനത്തെ ആകമാനം പിടിച്ചു കുലുക്കിയിരിക്കുകയാണല്ലോ. ജൈവഇന്ധനം സൃഷ്ടിക്കുന്ന മലിനീകരണത്തെ മറികടക്കുവാൻ പരിസ്ഥിതിക്കു ദോഷം വരുത്താത്ത പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടത് സമൂഹത്തിൽ ഓരോരുത്തരുടെയും കടമയാണ്. യാത്രക്കാർ എത്രയും വേഗത്തിൽ ലക്ഷ്യസ്ഥാനത്തു എത്തിച്ചേരേണ്ടതും ആവശ്യമാണ്. എന്നാൽ വേഗതയും വികസനവും ചർച്ചയാകുന്നിടത്തു മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായ ഭവനത്തിനും ആവാസവ്യവസ്ഥകൾക്കും സ്ഥാനമുണ്ട് എന്നത് ആരും വിസ്മരിക്കരുത്. കക്ഷി രാഷ്ട്രീയത്തിനതീതമായി കെ റെയ്‌ലിനെതിരെ ഉയരുന്ന ശബ്ദങ്ങൾ ഒറ്റപ്പെട്ടതായി കണക്കാക്കാതെ അതിനെ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കണം. ജനങ്ങളെ ഭിന്നിപ്പിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ദേശത്തിന് ആപത്താണ്. ഭാവി തലമുറകളെ കടക്കെണിയിൽ ആക്കുന്നതും അപകടകരമാണ്. തുറന്ന മനസ്സോടെ പ്രശ്നങ്ങളെ സമീപിക്കുവാനുള്ള ഒരു മാനസികാവസ്ഥയിലേക്ക് സർക്കാർ പ്രവേശിക്കും എന്ന് കരുതാം. ജനങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുവാൻ അധികാരികൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മാർച്ച് മാസത്തിൽ ഒമാനിലുള്ള നമ്മുടെ ഇടവകകൾ സന്ദർശിക്കുന്നതിന് ഇടയായി. റൂവി, സോഹാർ, ഗാല എന്നിവിടങ്ങളിൽ വിശുദ്ധ കുർബ്ബാനയ്ക്കും റൂവി മാർത്തോമ്മാ ഇടവകയുടെ ഇടവകദിന സമ്മേളനത്തിലും സംബന്ധിച്ചു. ഒമാനിലുള്ള എല്ലാ ഇടവകകളുടെയും ഇടവക ചുമതലക്കാരുടെ ഒരു സമ്മേളനം ഓൺലൈനായി നടത്തുവാൻ സാധിച്ചു. കോവിഡ് കാലത്ത് ഒമാനിലുള്ള അനേകരുടെ ജോലി നഷ്ടപ്പെടുകയും നാട്ടിലേക്ക് മടങ്ങിപോരുകയും ചെയ്യേണ്ടതായി വന്നിട്ടുണ്ട്. തന്മൂലം നമ്മുടെ ഇടവകകളിൽ ഇടവകാംഗങ്ങളുടെ എണ്ണത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ട്. സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർ ഒട്ടനവധി ഉണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ആയതിനാൽ ഇടവകയുടെയും സാമ്പത്തിക വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. കോവിഡാനന്തരകാലത്തെ ഒരു പ്രവാസ മേഖലയിലെ ഇടവകകളും ജനങ്ങളും അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ പരിച്ഛേദമാണ് അവിടെ ദർശിക്കുവാൻ സാധിച്ചത്. ഇത്തരം സാഹചര്യങ്ങളെ തരണം ചെയ്യുവാൻ നമുക്ക് യത്നിക്കാം. ദൈവം തമ്പുരാൻ അതിനായി നമ്മെ സഹായിക്കട്ടെയെന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു.

സോഹാർ മാർത്തോമ്മാ ഇടവക വികാരി റവ. എം. ജേക്കബ് അച്ചന് പെട്ടെന്നുണ്ടായ ഹൃദയാഘാതം എല്ലാവരെയും വിഷമത്തിലാക്കി. എന്നാൽ തൽസമയം ആവശ്യമായ വൈദ്യ സഹായം അച്ചന് ലഭ്യമാക്കുവാൻ വേണ്ട എല്ലാ ക്രമീകരണവും ചെയ്തു. സോഹാർ ഇടവക ചുമതലക്കാരും അവിടെയുള്ള വൈദീകരും വേണ്ടതെല്ലാം കൃത്യമായി ചെയ്തു.

അച്ചൻ അതിതീവ്ര സാഹചര്യം തരണം ചെയ്തു എന്ന വാർത്ത അറിഞ്ഞശേഷമാണ് നാട്ടിലേക്കുള്ള എന്റെ മടക്കയാത്ര ആരംഭിച്ചത്. ദൈവം തമ്പുരാൻ അതിശയകരമായ വിടുതൽ അച്ചന് നല്കി. അച്ചൻ സുഖം പ്രാപിച്ച് വരുന്നു. ദൈവത്തിന് സ്തോത്രം.

നമ്മുടെ സഭയിൽ പട്ടക്കാരുടെ സ്ഥലമാറ്റം മേയ് മാസത്തിലാണല്ലോ നടക്കുന്നത്. ഈ വർഷവും അതിനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിച്ച് വരുന്നു. ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ആവശ്യം മനസ്സിലാക്കിയാണ് എപ്പിസ്ക്കോപ്പൽ സിനഡ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്. സ്ഥലം മാറിപ്പോകുന്ന പട്ടക്കാരെ യഥോചിതം യാത്രയയ്ക്കുകയും പുതുതായി വന്നു ചേരുന്നവർക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുകയും വേണം. നമ്മുടെ പട്ടക്കാരുടെ ശുശ്രൂഷകൾ ദൈവരാജ്യത്തിന്റെ വർദ്ധനവിനും ദൈവജനത്തിന് അനുഗ്രഹമുഖാന്തിരവുമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

നമ്മുടെ അയൽരാജ്യമായ ശ്രീലങ്ക വലിയ സാമ്പത്തീക പ്രതിസന്ധികളിലൂടെ കടന്നുപോകുന്നു. വിലക്കയറ്റവും ഭക്ഷ്യ ക്ഷാമവും എല്ലാം ആ രാജ്യത്തെ വല്ലാതെ വലച്ചുകളഞ്ഞു. കൊറോണ സൃഷ്ടിച്ച പ്രതിസന്ധികളുടെ ബാക്കിപത്രമാണ് ശ്രീലങ്കയിൽ നാം ദർശിക്കുന്നത്. ടൂറിസത്തെ പ്രധാനമായും ആശ്രയിച്ചു കഴിഞ്ഞിരുന്ന ഒരു രാജ്യം ഇന്ന് ഏറെ കടക്കെണിയിലായിരിക്കുന്നു. കേരള നിയമസഭയിൽ മാർച്ച് മാസത്തിൽ അവതരിപ്പിച്ച ബജറ്റ് വൻ നികുതി വർദ്ധനവിലേക്ക് കടന്നില്ല എന്നത് ആശ്വാസകരമാണ്. സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ജനങ്ങൾക്ക് ഇത് സഹായകരവുമാണ്. എങ്കിലും സാമൂഹ്യപെൻഷൻ തുക ഇത്തവണ ഉയർത്തുന്നില്ല എന്നത് ഉത്ക്കണ്ഠ ഉളവാക്കുന്നു. സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളെ കരുതേണ്ടത് ഏതു ക്ഷേമ രാജ്യത്തിന്റെയും കടമയാണ്. ആരോഗ്യമേഖലയ്ക്ക് മുൻ വർഷത്തേക്കാൾ 288 കോടി രൂപ അധികമായി ബജറ്റിൽ അനുവദിച്ചത് ആശ്വാസകരമാണ്. മഹാമാരി സൃഷ്ടിച്ച ആരോഗ്യ പ്രതിസന്ധി മറികടക്കുവാൻ ഇത് തീർച്ചയായും സഹായകരമായിരിക്കും.

പ്രവർത്തനമികവിന് തമിഴ്നാട് മുഖ്യമന്ത്രിയുടെ പുരസ്ക്കാരത്തിനർഹയായ കളക്ടർ ശ്രീമതി. ശ്രേയ സിങ്ങ് നമ്മുടെ തോന്ന്യാമല മാർത്തോമ്മാ ഇടവകാംഗമാണ്. അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ നാളുകളിൽ വിവിധ ബോർഡ്, യൂണിവേഴ്സിറ്റി, എൻട്രൻസ് പരീക്ഷകളെഴുതുന്ന വിദ്യാർത്ഥികൾക്ക് ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു. ഒരു പുതിയ സാമ്പത്തിക വർഷം (2022–23) ആരംഭിക്കുന്നു. ഇടവകകളിൽ തിരഞ്ഞെടുപ്പുകൾ പൂർത്തീകരിച്ചു എന്ന് വിശ്വസിക്കുന്നു. പള്ളികളിലും സ്ഥാപനങ്ങളിലും ട്രസ്റ്റിമാർ ചുമതല ഏല്ക്കുമ്പോൾ ഇടവകയുടെ ആസ്ഥി ബാധ്യതകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. സമയബന്ധിതമായി ഉത്തരവാദിത്വങ്ങൾ പൂർത്തീകരിച്ച് ചുമതലകൾ കൈമാറുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രമിക്കണം.

യുദ്ധം, ക്ഷാമം, അഭയാർത്ഥി പ്രവാഹങ്ങൾ, വളരുന്ന മത വിദ്വേഷങ്ങൾ എന്നിവയുടെ മധ്യേയാണ് നാം യേശുവിനെയും ക്രൂശിനെയും ഈ ദിനങ്ങളിൽ ധ്യാനിക്കുന്നത്. ഇത്തരം പ്രതിസന്ധികളെയും അതിനിരയാകുന്ന സമൂഹങ്ങളെയും നമുക്കോർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. വേദനയുടെയും തിരസ്ക്കരണത്തിന്റെയും അനുഭവങ്ങളുടെ മധ്യേയാണ് ക്രൂശുമരണത്തിന്റെയും ഉയർത്തെഴുന്നേല്പിന്റെയും പ്രസക്തിയേറുന്നത്. മനുഷ്യ നിർമ്മിത ഭീകരതകളുടെ ഇരയായ യേശു താൻ തള്ളിക്കളയപ്പെട്ടവനായോ എന്നുചിന്തിച്ച ചില നിമിഷങ്ങളെങ്കിലും നാം ക്രൂശിൽ കാണുന്നു. എന്നാൽ അടുത്തനിമിഷം ദൈവീകകരങ്ങളിൽ താൻ സുരക്ഷിതനാണ് എന്ന തിരിച്ചറിവിലേക്ക് വരുകയും ഉയർത്തെഴുന്നേൽപ്പിലൂടെ ലോകത്തിനു ദൈവീക ഇടപെടൽ കാട്ടികൊടുക്കുകയും ചെയ്തു. ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവീക ഇടപെടലുകളെ പ്രത്യാശയോടെ നമുക്ക് സമീപിക്കാം. ആ പ്രത്യാശയിൽ നമുക്ക് ജീവിക്കാം. ഉയിർത്തെഴുന്നേൽപ്പിന്റെ സന്ദേശം ഉൾക്കൊണ്ടവരായി പുതുജീവൻ പ്രാപിച്ചവരായിത്തീരാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ രണ്ടാമത്തെ ആർച്ച് ബിഷപ്പായി ഡോ. തോമസ് ജെ. നെറ്റോ അഭിഷിക്തനായി. വളരെക്കാലം പ്രസ്തുത അതിരൂപതയ്ക്ക് നേതൃത്വം കൊടുത്ത അഭിവന്ദ്യ സൂസപാക്യം തിരുമേനി വിരമിച്ച ഒഴിവിലാണ് നിയമനം. മാർത്തോമ്മാ സഭയുമായി ലാറ്റിൻ സഭകൾ പ്രത്യേകിച്ചും തിരുവനന്തപുരം അതിരൂപത പുലർത്തുന്ന ബന്ധം ഏറെ വിലമതിക്കപ്പെട്ടതാണ്. സ്ഥാനാരോഹണ ശുശ്രൂഷയിൽ മാർത്തോമ്മാ സഭയെ പ്രതിനിധീകരിച്ചു അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനി പങ്കെടുത്തു ആശംസകൾ അറിയിച്ചു.

മാർച്ച് ആറിന് നിര്യാതനായ ഹൈദരലി ശിഹാബ് തങ്ങൾ കേരളമൊട്ടാകെയുള്ള ജനങ്ങൾ ബഹുമാനിക്കുന്ന ഒരു ആത്മീയ ഗുരുവായിരുന്നു. സമന്വയമാണ് മാനവികത എന്ന് അദ്ദേഹം പഠിപ്പിച്ചു. രാഷ്ട്രീയം അഭിപ്രായ വ്യത്യാസങ്ങളുടെ മേഖലയാണെങ്കിലും പാണക്കാട് ഹൈദരലി തങ്ങൾ അവിടെ സമന്വയത്തിന്റെ മദ്ധ്യസ്ഥനായി നിലകൊണ്ടു. ജീവിത നൈർമ്മല്യവും സാമൂഹിക പ്രതിബദ്ധതയും കൈമുതലാക്കിയ അദ്ദേഹം മനുഷ്യരെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി. അദ്ദേഹത്തിന്റെ നിര്യാണം കേരള സമൂഹത്തിന് ഒരു വലിയ നഷ്ടമാണ്. പാണക്കാട്ടെത്തിയ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ ഹൈദരലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തി. ഒപ്പം മുസ്ലിം ലീഗിന്റെ പുതിയ സംസ്ഥാന അദ്ധ്യക്ഷനായി ചുമതലയേറ്റ സാദിഖലി തങ്ങളെ സഭയുടെ അനുമോദനം അറിയിക്കുകയും ചെയ്തു.

മാർച്ച് 23 മുതൽ 27 വരെ കൽക്കട്ടായിലുള്ള നമ്മുടെ ഇടവകയും, അന്ധാരാ, ജഗദൽ എന്നിവിട

ങ്ങളിലെ മിഷൻ പ്രവർത്തനങ്ങളും സ്ഥാപനങ്ങളും, മറ്റ് പ്രോജക്ടുകളും സന്ദർശിക്കുന്നതിന് സാധിച്ചു. തദവസരത്തിൽ മിഷനറീസ് ഓഫ് ചാരിറ്റിയുടെ ആസ്ഥാന മന്ദിരം സന്ദർശിക്കുന്നതിനും സുപ്പീരിയർ ജനറലായി ചുമതലയേറ്റ സിസ്റ്റർ മേരി ജോസഫിന് ആശംസകളും പ്രാർത്ഥനകളും സഭയുടെ പേരിൽ അറിയിക്കുന്നതിനും ഇടയായി. തന്റെ തിരക്കേറിയ ഔദ്യോഗിക ചുമതലകൾക്കിടയിലും അവശതയനുഭവിക്കുന്ന ജനങ്ങളെ അവർ ആയിരിക്കുന്ന ഇടങ്ങളിൽ ചെന്ന് കാണുന്നതിനും, അവരോടൊപ്പം സമയം ചിലവഴിക്കുന്നതിനുമുള്ള സിസ്റ്ററിന്റെ ആഗ്രഹവും സന്നദ്ധതയും സംഭാഷണത്തിൽ പങ്കിടുകയുണ്ടായി. ജനങ്ങളാണ് പ്രധാനം. അവരുടെ ആവശ്യങ്ങൾക്കാണ് മുൻഗണന എന്ന വാക്കുകൾ ആവർത്തിച്ച് പറയുകയും സഭയുടെ പ്രാർത്ഥന ആവശ്യപ്പെടുകയും ചെയ്തു. സന്ദർശനം ഏറെ ഹൃദ്യമായിരുന്നു.

നമ്മുടെ സഭയിലെ സീനിയർ വൈദികരിലൊരാളായ ബഹുമാനപ്പെട്ട വൈ. മത്തായി അച്ചൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അച്ചനും കുടുംബവും വിവിധ ഇടവകകളിൽ അനുഗ്രഹിത ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്. അച്ചന്റെ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക്ചേരുകയും, ചെയ്യുന്നു. അച്ചന്റെ ദേഹവിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

ഏപ്രിൽ മാസം നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ പീഡാസഹനങ്ങളെയും കുരിശുമരണത്തെയും കബറടക്കത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും ധ്യാനിക്കുന്ന ദിവസങ്ങൾ ആണല്ലോ. യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു നൽകപ്പെട്ട വലിയ പ്രത്യാശയുടെ വിളംബരവും സാക്ഷ്യപ്പെടുത്തലും ആണ് ഈ മാസത്തെ ധ്യാനങ്ങളുടെ ഉദ്ദേശ്യം. ഏപ്രിൽ മൂന്ന് (മുപ്പത്താറാം ഞായറാഴ്ച) യെരുശലേമിലേക്കുള്ള പാതയിൽ യേശു ബർത്തിമായി എന്ന കുരുടനെ സൗഖ്യമാക്കുന്നതാണ് വിശുദ്ധ ഏവൻഗേലിയോൻ ഇതിവൃത്തം (വി. മർക്കൊ. 10:46–52). ബാഹ്യകണ്ണുകൾ കാഴ്ചശക്തി നഷ്ടപ്പെട്ടവ ആയിരുന്നു. എങ്കിലും ഉൾക്കണ്ണുകൾ കൊണ്ട് കാണാൻ ബർത്തിമായിക്കു കഴിഞ്ഞു. യേശു സാന്നിദ്ധ്യം അദ്ദേഹത്തെ പ്രോജ്ജ്വലിപ്പിച്ചു. 'ക്രിസ്തു നൽകുന്ന പ്രത്യാശദർശനം' അദ്ദേഹം ഉൾക്കൊണ്ടു. തർസോസുകാരൻ ശൗലിനും കാഴ്ച പ്രാപിക്കുവാൻ കഴിഞ്ഞത്, ക്രിസ്തുസാന്നിദ്ധ്യം അനന്യാസിലൂടെ അനുഭവമായതുകൊണ്ടാണ് (അ. പ്ര. 9:10–19). കാഴ്ച പകരുന്ന ക്രിസ്തുസാന്നിദ്ധ്യം അനുഭവിക്കുവാനും പങ്കുവയ്ക്കുവാനും കഴിയുമ്പോൾ ഓരോ വിശ്വാസിയും പ്രത്യാശയുടെ ദീപങ്ങൾ ആയിത്തീരുമല്ലോ.

ഊശാന പെരുന്നാൾ ദിനം, ഏപ്രിൽ 10-ാം തീയതി ഞായറാഴ്ച നാം ധ്യാനിക്കുന്ന സുവിശേഷഭാഗം രാജപട്ടണമായ യേരുശലേമിലേക്കുള്ള യേശുവിന്റെ പ്രവേശനം ആണ് (വി. മർക്കൊ. 11:1–18). ആരും കയറിയിട്ടില്ലാത്ത കഴുതക്കുട്ടിയുടെ മേൽ യേശു കയറി നിയന്ത്രണം എടുത്തപ്പോൾ അത് മെരുക്കമുള്ളതായി. അതിന്റെ മേൽ ഇരുന്ന യേശു എന്ന ദാവീദുപുത്രനെ ജനം എതിരേറ്റു. 'ഇപ്പോൾ രക്ഷിക്ക' എന്നർത്ഥമുള്ള ഊശാന എന്ന് അവർ പാടി. യേശുവിന്റെ സാന്നിദ്ധ്യവും പട്ടണപ്രവേശനവും ജനങ്ങളെ പ്രത്യാശാനിർഭരരാക്കി. നിരന്തരം നമ്മുടെ ഉള്ളിലേക്ക് ജൈത്രയാത്ര നടത്തുന്ന യേശുവിനെ സ്തുതിയാകുന്ന കുരുത്തോലകളും ഏന്തി വരവേൽക്കാൻ കഴിയുമ്പോൾ ആണ് വർത്തമാനകാലം അർത്ഥപൂർണ്ണമാകുന്നത്. അവിടുന്ന് നമ്മുടെ രാജാധിരാജാവും കർത്താധി കർത്താവുമായി നിരന്തരം വാഴട്ടെ.

ഉയിർപ്പുപെരുന്നാൾ ഏപ്രിൽ 17 ന് നാം കൊണ്ടാടുമ്പോൾ ധ്യാനിക്കുന്നത് വി. ലൂക്കൊസ് 24:1–12 വരെയുള്ള ഭാഗമാണ്. കർത്താവിന്റെ കല്ലറയിലേക്ക് സുഗന്ധവർഗ്ഗം എടുത്തുകൊണ്ടുവന്ന സ്ത്രീകൾ കല്ലറയിൽ നിന്ന് കല്ലുരുട്ടി മാറ്റിയിരിക്കുന്നത് കണ്ടു. യേശുവിന്റെ ശരീരം കാണായ്കയാൽ ചഞ്ചലപ്പെട്ടിരുന്നവരോടു പ്രവചനപ്രകാരം യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് ദൈവദൂതന്മാർ അറിയിച്ചു. മരണശക്തികളെ തോല്പിക്കുന്ന ജീവന്റെ അതിജീവനബലം ദൈവത്തിന്റെ ദാനമാണ്. മതേതര സമൂഹത്തെപ്പോലും എന്നും ഉദ്ദീപിപ്പിക്കുന്ന ദർശനമാണ് ഉയിർത്തെഴുന്നേൽപ്പ് ഈ ലോകത്തിനു നൽകിയത്. മാമോദീസായാൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടവർ അവനോടുകൂടെ ഉയിർത്തെഴുന്നേൽക്കുന്നവരുമാണ്. ഉയിർത്തെഴുന്നേൽപ്പിന്റെ ശക്തിയിൽ ജീവിക്കുവാൻ ഈ പെരുന്നാൾ നമുക്ക് സഹായകരമാകട്ടെ. മരണമല്ല, ഉയിർപ്പാണ് വിശ്വാസജീവിതത്തിന്റെ അവസാന വാക്ക്.

പുതുഞായർ (ഏപ്രിൽ 24) നമുക്ക് പുതുബലത്തിന്റെ ദർശനഭാഗ്യം പങ്കുവയ്ക്കുന്നു (യോഹ. 20:19–29). മലങ്കരയ്ക്ക് സുവിശേഷം പങ്കിട്ടുതന്ന തോമസ് അപ്പോസ്തലന്റെ വിശ്വാസപ്രഖ്യാപനം ആണ് ഈ വേദഭാഗശക്തീകരണം. കർത്താവിന്റെ മുറിവേറ്റ വിലാപ്പുറവും കൈകളും കാണിച്ച് ഉറപ്പിക്കുവാൻ കർത്താവ് തോമസ് അപ്പസ്തോലനും കൂടെ സന്നിഹിതനായിരുന്നപ്പോൾ ശിഷ്യർക്ക് പ്രത്യക്ഷനായി. തേടി വന്ന് യഥാസ്ഥാനപ്പെടുത്തുന്ന കർത്താവിനെ ജീവിതത്തിൽ ദൈവവും കർത്താവുമായി അംഗീകരിക്കുവാൻ നമുക്കും കഴിയേണ്ടതാണ്. അപ്പോൾ ലോകത്തിനു പ്രത്യാശയായി, കർത്താവിനെ പ്രഘോഷിക്കുവാൻ നമുക്കും സാധിക്കും. മലങ്കര സഭ സുവിശേഷ സാക്ഷ്യത്തിന്റെ കർമ്മമേഖലകളിൽ പ്രശോഭിക്കുവാൻ, ദർശനത്തിന്റെ പുതുക്കം പ്രാപിക്കുവാൻ, ദൈവം കൃപചെയ്യുമാറാകട്ടെ.



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**

**മെത്രാപ്പോലീത്താ**

പുലാത്തീൻ

28. 03. 2022